**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3554** **17.10.2011 -ൽ മറുപടിക്ക്**

**രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം<br><br>ശ്രീ. കെ. ദാസൻ: | | ഉത്തരം<br><br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധതരത്തിൽ പകർച്ചവ്യാധികൾ വർദ്ധിക്കുന്നതായ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അത് തടയാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | പകർച്ചാവ്യാധികൾ തടയുവാൻ സംസ്ഥാനത്തൊട്ടാകെ പരിസര ശുചീകരണം ഫലപ്രദമായി നടത്തി വരുന്നു. അതോടൊപ്പം മാലിന്യ നിർമ്മാർജ്ജനം, കൊതുകു കൂത്താടി ഉറവിട നശീകരണം , ഓട വൃത്തിയാക്കൽ, ആരോഗ്യ ബോധവത്ക്കരണം എന്നിവ നടത്തി വരുന്നു. ഒക്ടോബർ 2 മുതൽ ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന "മാലിന്യമുക്ത കേരളം" പദ്ധതിക്ക് തുടക്കമിട്ടു.പകർച്ച വ്യാധി തടയുന്നതിലേക്ക്, ജില്ലകളിൽ ആശ പ്രവർത്തകർ വീടുകൾ കയറിയിറങ്ങി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. വിവിധ ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തി. . ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് പ്രചരണം, പ്രാദേശിക ടി.വി.ചാനലുകൾ വഴിയുള്ള പ്രചരണം, ബിറ്റ് നോട്ടീസ് വിതരണം , സ്കൂൾ അസംബ്ളി വഴിയുള്ള പ്രവർത്തനങ്ങൾ, പത്ര സമ്മേളനങ്ങൾ എന്നിവ വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ കഴിഞ്ഞു. പകർച്ച |

| | | | |
|---|---|---|---|
| | | | പ്പനിയെ പ്രതിരോധിക്കാ നായി 2010 ഏപ്രിൽ മാസം മുതൽ "Four Plus" എന്ന പകർച്ച വ്യാധി പ്രതിരോധ തീവ്രയജ്ഞ പരിപാടി കേരളം മുഴുവൻ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജിലും കാമ്പസ് ഫോർ പ്ളസ് എന്ന പേരിൽ നിരന്തര ശുചീകരണ, കൊതുകു നിർമ്മാർജ്ജന, രോഗ പ്രതിരോധ പരിപാടികൾ നടത്തി വരുന്നുണ്ട്. . ഒക്ടോബർ 2 മുതൽ നവംബർ 3 വരെ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ല മുതൽ തിരുവനന്തപുരം വരെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിനുള്ള ആരോഗ്യ സന്ദേശ യാത്ര നടത്തിവരുന്നു.<br>50% കേന്ദ്രസഹായ പദ്ധതിയിൻ കീഴിൽ ബഡ്ജറ്റിൽ വകയിരുത്തിരി ക്കുന്ന തുക താഴെകൊടുക്കുന്നു.<br>1) 2210–06–101–99 140 ലക്ഷം ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി.<br>2) 2210–06–101–97 110 ലക്ഷം മന്തുരോഗ നിവാരണം<br>3)2210–06–101–92 80 ലക്ഷം കോളറാ ഗ്യാസ്ട്രോ എന്ററൈറ്റിസ് നിയന്ത്രണം<br>4)2210–06–101–50 150 ലക്ഷം മറ്റുരോഗ നിയന്ത്രണം<br>ഇത്തരത്തിൽ ആകെ 530 ലക്ഷം രൂപാ ഈ വർഷം രോഗ പ്രതിരോധ പ്രവർത്തനത്തിനുവേണ്ടി ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. |
| (സി) | വിവിധ സർക്കാർ ആശുപത്രി കളിൽ ഒഴിഞ്ഞു കിടക്കുന്ന ഡോക്ടർമാരുടെ തസ്തികകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | വിവിധ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ തസ്തികകൾ നികത്താൻ നടപടി കൾ സ്വീകരിച്ചുവരുന്നു. 233 അസിസ്റ്റന്റ് സർജ്ജൻമാരുടെ ഒഴിവു കൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. പി.എസ്.സി. യുടെ നിയമന നിർദ്ദേശം വരുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്ന |

| | | | |
|---|---|---|---|
| | | | ആണ്. അടിയന്തിര ഘട്ടങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ അഡ് ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർ മാരെ നിയമിക്കുവാനും , സി.ആർ. എസ് ഡോക്ടർമാരുടെയും വിരമിച്ച ഡോക്ടർമാരുടെയും സേവനം സ്വീകരിച്ചുവരുന്നു. നിലവിലുള്ള സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമന നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതാണ്. ഒഴിഞ്ഞുകിട ക്കുന്ന സിവിൽ സർജന്മാരുടെ ഒഴിവ് ഡി.പി.സി.യുടെ നിയമന നിർദ്ദേശം വരുന്ന മുറക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതാണ്. ജൂനിയർ കൺ സൾട്ടന്റ് തസ്തികകളിലെ ഒഴിവു കളിലേക്ക് പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ വാങ്ങി ഒഴിവുകൾ നികത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സർക്കാർ ഹോമിയോ ആശു പത്രികളിൽ 7 ജില്ലാ മെഡിക്കൽ ഓഫീസർമാരുടേയും 12 ചീഫ് മെഡിക്കൽ ഓഫീസർമാരുടെയും ഒഴിവുകളുണ്ട്. ടി തസ്തികകൾ പ്രൊമോഷൻ മുഖേന നികത്തു ന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ